എലക്ട്രിക്ക് ലൈൻ നീട്ടുന്ന നടപടി.

33. [24] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഏനാദിമംഗലം വില്ലേജിൽ ഇളമണ്ണൂർ, കുടൽ എന്നീ സ്ഥലങ്ങളിലേയ്ക്ക് എലക്ട്രിക്ക് ലൈൻ നീട്ടുന്നതിനെപ്പറ്റി ഗവണ്മെൻറ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ.

ഉത്തരം.

കുടലിലേയ്ക്ക് എലക്ട്രിക്ക് ലൈൻ നീട്ടുന്നതിന് എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലൈനിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. ഇളമണ്ണൂർക്ക് എലക്ട്രിസിറ്റി കൊടുക്കുന്ന കാര്യം അന്വേഷണത്തിൽ ഇരിക്കുന്നു.

റിക്ഷാവലി.

34. [28] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഏതെല്ലാം സ്ഥലങ്ങളിൽ റിക്ഷാവലി നടപ്പിലിരിക്കുന്നുണ്ടു്;

(ബി) റിക്ഷാവലി സംപ്രദായം നിറുത്തലാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) എറണാകുളം, മട്ടാഞ്ചേരി, ആലുവാ, പെരുമ്പാവൂർ, പറവൂർ, ഇരിഞ്ഞാലക്കുട, ചിറ്റൂർ, തത്തമംഗലം, കുന്നംകുളം, ആലപ്പുഴ, ചേർത്തല, കായംകുളം, കോട്ടയം, ചങ്ങനാശേരി, തിരുവല്ല, വൈക്കം, കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ റിക്ഷാവലി നടപ്പിലുണ്ടു്.

(ബി) ഉടനെ നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ കാലക്രമേണ നിറുത്തലാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

പുതിയ സ്കൂളുകൾ.

35. [29] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഈ സംസ്ഥാനത്തു എത്ര പ്രൈമറിസ്കൂളുകളും എത്ര മിഡിൽ സ്കൂളുകളും അനുവദിച്ചു;

(ബി) അതെ എത്ര അപേക്ഷകൾ ഓരോ വകുപ്പിലുമുള്ള സ്കൂളുകൾക്ക് ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 46 പ്രൈമറിയും 60 മിഡിലും സ്കൂൾകൾ അനുവദിച്ചു.

(ബി) പ്രൈമറി സ്കൂൾകൾക്ക് 166 അപേക്ഷകളും മിഡിൽ സ്കൂൾകൾക്ക് 182 അപേക്ഷകളും ഉണ്ടായിരുന്നു.

കോഴഞ്ചേരി-കുമ്പഴ റോഡ്.

36. [30] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി-കുമ്പഴറോഡ് ടാർ ചെയ്യുന്നതിനു നടപടി എന്തെല്ലാം ആയിട്ടുണ്ട്;

(ബി) പ്രസ്തുത ജോലി ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാകുമോ?

ഉത്തരം.

(എ) നാലരമൈൽ നീളം സെമിഗ്രൗട്ട് ചെയ്തുകഴിഞ്ഞു. ബാക്കി ഭാഗത്തിനു് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

(ബി) പൂർത്തിയാകുമെന്നുദ്ദേശിക്കുന്നു.

ഉൽപ്പാദനം നിറുത്തൽ.

37. [32] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടം, ഇഷ്ടികയും മറ്റും വിറ്റഴിയാത്തതുമൂലം ഏതെങ്കിലും ടൈൽഫാക്ടറി കഴിഞ്ഞ വർഷത്തിൽ പ്രവർത്തനം നിറുത്തിവച്ചതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൽപ്പാദിപ്പിച്ച തുണി വിറ്റഴിയാത്തതുമൂലം ഏതെങ്കിലും തുന്നിമിൽവേലക്കാരെ കുറവു ചെയ്തിട്ടുണ്ടോ;

(സി) ഉപഭോഗത്തിൽവന്ന കുറവുമൂലം പൂർണ്ണമായോ ഭാഗികമായോ അടച്ചിടേണ്ടിവന്ന എത്ര ഫാക്ടറികൾ സംസ്ഥാനത്തു് ആകെ ഉണ്ട്;

(ഡി) ഏതെല്ലാം ഫാക്ടറികളാണ് അടച്ചിട്ടതു്;

(ഈ) തൻമൂലം ഏതെങ്കിലും തരത്തിൽ തൊഴിലിൽ നഷ്ടപ്പെട്ടതു് എത്രപേർ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 24.

LIBRARY ARCHIVES Kerala Legislative Assembly